**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 210** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സുരക്ഷയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വിപുലീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ മാസം ഭക്ഷ്യവിഷബാധമൂലം ഒരു വിദ്യാർത്ഥിനി മരണമടഞ്ഞ സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വിപുലീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ഭക്ഷ്യ വിഷബാധ എന്നു സംശയിക്കുന്ന സാഹചര്യത്തിൽ ഒരു വിദ്യാർത്ഥിനി മരണമടഞ്ഞ സംഭവത്തിന്റെ പശ്ചാതലത്തിൽ , ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ വർദ്ധിപ്പിക്കുകയും, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഫിഷറീസ്, ഡെയറി വകുപ്പുകൾ തുടങ്ങിയവയുമായി ചേർന്ന് കൂടുതൽ പരിശോധനകൾ നടത്തുകയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. അതിലൂടെ സുരക്ഷിത ഭക്ഷണം എല്ലാവരിലേക്കും എത്തിക്കുന്ന നടപടികളിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടാനും കഴിഞ്ഞു.<br><br>കൂടാതെ കൂടുതൽ പരിശോധനകളും, പരിശീലനങ്ങളും നടത്തുന്നതിനായി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ കൂടി പരിശോധനകളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരെ സഹായിക്കുന്നതിന് നിർദേശം നൽകി, ഇത് ഫലപ്രദമായി നിർവ്വഹിച്ചു. |
| (ബി) | ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ **160** തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ **41** ഒഴിവുകൾ നിലവിലുണ്ട്. ഈയിടെ പ്രസിദ്ധീകരിച്ച ഫുഡ് സേഫ്റ്റി ഓഫീസറുടെ റാങ്ക് പട്ടികയിൽ നിന്നും ഒഴിവുള്ള എല്ലാ തസ്തികകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപോസൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | പ്രസ്തുത വകുപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന വകുപ്പാണ്. നിലവിലെ ഉദ്യോഗസ്ഥരുടെ സേവനം കൂടുതലായി എൻഫോഴ്സ്മെന്റ് നടപടികളിലേക്ക് കേന്ദ്രീകരിച്ചും, കൃത്യമായ മേൽനോട്ടത്തിന്റെ അടിസ്ഥാനത്തിലും വകുപ്പ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | FSSAI വിഭാവനം ചെയ്യുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് കൂടുതൽ സഹായകരമാകും എന്നതിനാൽ മേഖലാ തലത്തിൽ ഡെപ്യൂട്ടി കമ്മീഷണർ മാർക്ക് വിവിധ പദ്ധതികളുടെ ഏകോപന ചുമതല നൽകി ഭക്ഷ്യ സുരക്ഷാ കമ്മീഷണരുടെ നേതൃതത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. FoSTaC Training, RUCO (Repurpose Used Cooking Oil ), Hygiene Rating , Eat Right Campus , Clean Street Food Hub, എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുക വഴി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ